പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - obcdirectorate@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in

BCDIR/218/2020-B3 തീയതി :23/07/2020

ഭരണഭാഷ - മാതൃഭാഷ

Break the Chain

## വിജ്ഞാപനം
## അഭിഭാഷക ധനസഹായ പദ്ധതി 2020-21

നീതിന്യായ രംഗത്ത് പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന അഭിഭാഷക ധനസഹായ പദ്ധതിക്ക് (2020-21) അപേക്ഷ ക്ഷണിക്കുന്നു . അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അപേക്ഷാഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### അപേക്ഷകർക്കുള്ള നിർദേശങ്ങൾ

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റിൽ (ഒ.ബി.സി) ഉൾപ്പെട്ട സമുദായാംഗമായ നിയമ ബിരുദധാരി ആയിരിക്കണം .
2. അപേക്ഷകൻ/അപേക്ഷക കേരളീയനായിരിക്കണം
3. കുടുംബ വാർഷിക വരുമാനം 1,00,000 /- രൂപയിൽ അധികരിക്കരുത്.
4. കേരള ബാർ കൗൺസിലിൽ 2019 ജൂലൈ 1 നും 2020 ജൂൺ 30 നും ഇടയിൽ എൻറോൾ ചെയ്ത് സംസ്ഥാനത്തു തന്നെ പ്രാക്ടീസ് ചെയ്യുന്നവരായിരിക്കണം .
5. പുതുതായി അപേക്ഷിക്കുന്നവർ www.bcdd.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് ജാതിസർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, എൻറോൾമെന്റ് സർട്ടിഫിക്കറ്റ്, സീനിയർ അഭിഭാഷകനിൽ നിന്നുള്ള സാക്ഷ്യപത്രം, ഹയർ സെക്കന്ററി മുതലുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, അപേക്ഷകന്റെ /അപേക്ഷകയുടെ പേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ എന്നിവ സഹിതം 2020 ആഗസ്റ്റ് 20 നകം ചുവടെ പറയുന്ന വിലാസത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളിൽ സമർപ്പിക്കണം.

| | |
|---|---|
| തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ അപേക്ഷകർ | തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷകർ |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ് |

File No.BCDIR/218/2020-B3

| സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം–682030<br>ഫോൺ : 0484–2429130 | സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 673020<br>ഫോൺ : 0495 –2377786 |
|---|---|

6. തെരഞ്ഞെടുക്കപ്പെടുന്നവർ 200 രൂപാ വിലയുള്ള മുദ്രപ്പത്രത്തിൽ നിശ്ചിത മാതൃകയിൽ വകുപ്പുമായി കരാർ ഒപ്പ് വയ്ക്കേണ്ടതാണ്.
7. ഇതേ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ധനസഹായം ലഭ്യമായവരിൽ രണ്ടും, മൂന്നും ഗഡു ലഭിക്കേണ്ട ഗുണഭോക്താക്കൾ വിനിയോഗ സാക്ഷ്യപത്രം , തുക ചെലവഴിച്ച ഒറിജിനൽ രസീതുകൾ, പ്രാക്ടീസ് തുടരുന്നു എന്ന സീനിയർ അഭിഭാഷകനിൽ നിന്നുള്ള സാക്ഷ്യപത്രം, ബാങ്ക്പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം വെള്ള കടലാസ്സിൽ റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
8. പ്രതിവർഷം 12,000 രൂപ വീതം പരമാവധി മൂന്ന് വർഷത്തേക്ക് ധനസഹായം അനുവദിക്കുന്നതാണ്. അനുവദിക്കുന്ന തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്.
9. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2020 ആഗസ്റ്റ് 20 ആണ്. അവസാന തീയതിക്ക് ശേഷം ലഭിക്കുന്നതോ, അപൂർണമോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷ അയക്കുന്ന കവറിനു പുറത്ത് അഭിഭാഷക ധന സഹായത്തിനുള്ള അപേക്ഷ 2020 –21 , ജില്ല എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ആഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

എറണാകുളം മേഖലാ ആഫീസ് – ഫോൺ : 0484 –2429130

കോഴിക്കോട് മേഖലാ ആഫീസ് – ഫോൺ : 0495–2377786

അംഗീകാരത്തോടെ

ഡോ. ഡാലൻ

(ഒപ്പ്)
വി.ഐ ശ്രീവിദ്യ ഐ.എ.എസ്
ഡയറക്ടർ

DIRECTORATE OF BACKWARD CLASSES DEVELOPMENT DEPARTMENT Thiruvananthapuram 695 003

പകർപ്പ് :

1. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)

3. ഇൻഫർമേഷൻ ആഫീസർ, വെബ് ആന്റ് ന്യൂ മീഡിയ
4. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം/കോഴിക്കോട്
5. ഐ. ടി ഡിവിഷൻ, പി.വി.വി.വ (വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)
6. ഡയറക്ടറുടെ മേശ മേൽ
7. നോട്ടീസ് ബോർഡ്
8. കരുതൽ /അധികം

Break the chain

കേരള സർക്കാർ

ജില്ല :

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## അഡ്വക്കേറ്റ് ഗ്രാന്റിനുള്ള അപേക്ഷ 2020-21

1. അപേക്ഷകന്റെ പേര് :
2. മതം / ജാതി* :
3. വയസ്സ്
4. ജനന തീയതി
5. ആൺ/പെൺ
6. കുടുംബ വാർഷിക വരുമാനം*
7. APL / BPL
8. റേഷൻ കാർഡ്
9.

| സ്ഥിര മേൽവിലാസം | ഇപ്പോഴത്തെ മേൽവിലാസം (ജില്ല, പിൻകോഡ് എന്നിവ സഹിതം) |
|---|---|
| | |
| ഫോൺ നം - | ഫോൺ നം. - |
| ഇമെയിൽ - | |

10. ആധാർ നമ്പർ :
11. വിദ്യാഭ്യാസ യോഗ്യത* (ഹയർ സെക്കന്ററി മുതൽ)

| ക്രമ നം. | പരീക്ഷയുടെ പേര് | ബോർഡ്/ യൂണിവേഴ്സിറ്റി | പാസ്സായ വർഷം | ലഭിച്ച ഗ്രേഡ്/ മാർക്ക്/ശതമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

12. ബാർ കൗൺസിൽ എൻറോൾമെന്റ് നമ്പറും തീയതിയും * :

| | |
|---|---|
| | |

13. വക്കീലായി പ്രാക്ടീസ് ആരംഭിച്ചുവെങ്കിൽ, ആരംഭിച്ച തീയതി* :

14. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

1. ബാങ്കിന്റെ പേര് :
2. ബ്രാഞ്ച് :
3. അക്കൗണ്ട് ഹോൾഡറുടെ പേര് :
4. അക്കൗണ്ട് നമ്പർ :
5. ഐ.എഫ്.എസ്.സി :

## സത്യപ്രസ്താവന

കേരള ബാർ കൗൺസിലിൽ ............................ തീയതിയിൽ .............................................. നമ്പറായി എൻറോൾ ചെയ്തിട്ടുള്ള .............................................................................................. എന്ന ഞാൻ, ..................................................................................................... (മതം/ജാതി) എന്ന പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ടയാളാണെന്നും, വക്കീലായി പ്രാക്ടീസ് ആരംഭിച്ചിട്ടുള്ള / ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിയാണെന്നും എന്റെ കുടുംബ വാർഷിക വരുമാനം .................................................. രൂപ ആണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ പേരും ഒപ്പും

* സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, സീനിയർ വക്കീലിന്റെ/ അഡ്വക്കേറ്റ് അസ്സോസിയേഷന്റെ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഓഫീസ് ആവശ്യത്തിന്